"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ് - വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ വിജിലൻസ് മിന്നൽ പരിശോധന - ശ്രീ. ടി. വി. ഉണ്ണികൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ, ശ്രീ. വിപിൻ ദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. അംബിക വി. കെ., ഒന്നാംതരം ഓവർസിയർ, ശ്രീമതി. ശ്രീവിദ്യ വി., രണ്ടാംതരം ഓവർസിയർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt) No.655/2020/LSGD തീയതി,തിരുവനന്തപുരം, 17/03/2020

---

പരാമർശം:- 1 വിജിലൻസ് വകുപ്പിന്റെ 28.03.2015 തീയതിയിലെ 14434/E3/14/Vig - നമ്പർ കത്ത്.

2 വിജിലൻസ് ഡയറക്ടറുടെ 01.11.2014 തീയതിയിലെ E 8(SC37/14/TSR) 8361/2014 - നമ്പർ കത്ത്.

3 13.12.2017 - ലെ LSGD-EW2/248/2015 - LSGD നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക.

4 കുറ്റാരോപിതർ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രിക.

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.11.2018 - ലെ ഇ10/408/18/സി.ഇ/തസ്വഭവ നം. കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂർ യൂണിറ്റ്, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 13.05.2014 - തീയതി ഒരു സത്വരാന്വേഷണം നടത്തുകയും റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേന സർക്കാരിലേക്ക് ലഭ്യമാക്കുകയുമുണ്ടായി. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിലേക്കായി പരാമർശം 1 പ്രകാരം ഈ വകുപ്പിലേക്ക് ലഭ്യമാക്കുകയുണ്ടായി.

പരാമർശം 2 പ്രകാരമുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ശ്രീ. റ്റി. വി. ഉണ്ണിക്കൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. വിപിൻ ദാസ് അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. അംബിക വി. കെ., ഒന്നാംതരം ഓവർസിയർ, ശ്രീമതി. ശ്രീവിദ്യ വി., രണ്ടാംതരം ഓവർസിയർ എന്നിവർ ഉത്തരവാദികളാണെന്ന് കണ്ട് ടിയാളുകൾക്ക് ഈ വകുപ്പിൽ നിന്നും 1960 -ലെ കേരള സിവിൽ സർവീസസ് CC &A റൂൾ 16 അനുസരിച്ചുള്ള കുറ്റപത്രം / കുറ്റാരോപണ പത്രിക എന്നിവ പരാമർശം 3 പ്രകാരം നൽകുകയുണ്ടായി.

ശ്രീ. റ്റി. വി. ഉണ്ണിക്കൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത ദിവസം ടിയാൻ ആഫീസിൽ

ഹാജരാകാതിരുന്നത് ശ്വാസകോശ സംബന്ധമായ അസുഖം നിമിത്തം യാത്ര ചെയ്യാൻ കഴിയാത്തതിനാലാണെന്നും സർപ്രൈസ് ചെക്കിൽ കണ്ടെത്തിയ അപാകതകളെല്ലാം പ്രസ്തുത ആഫീസ് പരിഹരിച്ചതായും മേലിൽ വീഴ്ച സംഭവിക്കാതെ നോക്കാമെന്നും അറിയിച്ചിട്ടുണ്ട്. ശ്രീ. വിപിൻ ദാസ് അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. ശ്രീവിദ്യ വി., രണ്ടാംതരം ഓവർസിയർ എന്നിവർ പ്രസ്തുത ദിവസം ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉച്ചയ്ക്ക് ശേഷം സൈറ്റ് സന്ദർശനത്തിന് പോയതായി മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും, എന്നിരുന്നാലും ഹാജർ ബുക്കിൽ സൈറ്റിൽ പോകുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും, യഥാവിധി കൈകാര്യം ചെയ്യുന്നതിനും മേലധികാരി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) ഉള്ളത് കൊണ്ടാണ് ശ്രീ. വിപിൻ ദാസ് അസിസ്റ്റന്റ് എഞ്ചിനീയർ കൈകാര്യം ചെയ്യാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, ശ്രീമതി. ശ്രീവിദ്യ വി., രണ്ടാംതരം ഓവർസിയർ സർവ്വീസിൽ തുടക്കക്കാരിയായതിനാലും പെട്ടെന്നുള്ള സൈറ്റ് സന്ദർശന തീരുമാനമായതിനാലും മൂവ്മെന്റ് രജിസ്റ്ററിൽ എഴുതുന്ന കാര്യം വിട്ടുപോയതാണെന്നും ശ്രീമതി. അംബിക വി. കെ. ഒന്നാംതരം ഓവർസിയർ, 13/05/2014 മുതൽ 5 ദിവസം ആകസ്മിക അവധിക്ക് അപേക്ഷിച്ചിരുന്നതായും, അവധി അപേക്ഷയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടില്ല എങ്കിലും ഫോൺ മുഖാന്തരം ടിയാരി അനുവാദം വാങ്ങിയതായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പിന്നീട് അപേക്ഷ അംഗീകരിച്ചതായും ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റാരോപിതർ ലഭ്യമാക്കിയിട്ടുള്ള പ്രതിവാദ പത്രികയിലെ വാദങ്ങൾ പരിഗണിക്കാവുന്നതാണെന്നും കുറ്റാരോപിതരിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സർവ്വീസിൽ നിന്ന് വിരമിച്ചതിനാലും, ടിയാൻമാർ മന:പൂർവമായി കൃത്യവിലോപം നടത്തിയിട്ടില്ലാത്തതിനാലും രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ച് ഇപ്പോൾ യഥാവിധി സൂക്ഷിക്കുന്നതിന്നാലും താക്കീത് നൽകി തീർപ്പാക്കാവുന്നതാണെന്നും പരാമർശം 5 പ്രകാരമുള്ള റിപ്പോർട്ടിൽ ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

കുറ്റാരോപിതരുടെ പ്രതിവാദപത്രിക, ആയതിന്മേൽ ചീഫ് എഞ്ചിനീയറുടെ അഭിപ്രായം എന്നിവ പരിശോധിക്കുമ്പോൾ, കുറ്റാരോപിതർ മന:പൂർവ്വമായി കൃത്യവിലോപം നടത്തിയിട്ടില്ല എന്ന് കാണുന്നു. മാത്രമല്ല, രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ച് ഇപ്പോൾ യഥാവിധി സൂക്ഷിക്കുന്നുണ്ടെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ, സേവനത്തിൽ നിന്നും വിരമിച്ച അസി.എക്സി.എഞ്ചിനീയർ ശ്രീ. ടി. വി. ഉണ്ണികൃഷ്ണനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിക്കുന്നതിനും മറ്റുള്ളവർക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടി ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനായി ശാസന നല്കി തീർപ്പാക്കുന്നതിനുമുള്ള താത്കാലിക തീരുമാനം ഈ വകുപ്പ് കൈക്കൊള്ളുകയും അതിന്മേൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. ഈ വകുപ്പിന്റെ താത്കാലിക തീരുമാനത്തോട് വിജിലൻസ് വകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സേവനത്തിൽ നിന്നും വിരമിച്ച അസി.എക്സി.എഞ്ചിനീയർ ശ്രീ. ടി. വി. ഉണ്ണികൃഷ്ണനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിച്ചുകൊണ്ടും ശ്രീ. വിപിൻ ദാസ് അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. അംബിക വി. കെ., ഒന്നാംതരം ഓവർസിയർ, ശ്രീമതി. ശ്രീവിദ്യ വി., രണ്ടാംതരം ഓവർസിയർ എന്നിവർക്കെതിരെ ഈ വകുപ്പിൽ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തുന്നതിലേക്കായി ശാസന നല്കിയും തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJUKUTTAN.M.S

ADDITIONAL SECRETARY

പകർപ്പ് :-

1. ശ്രീ. ടി. വി. ഉണ്ണികൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ(റിട്ട). (ചീഫ് എഞ്ചിനീയർ മുഖാന്തിരം).

2. ശ്രീ. വിപിൻ ദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ (ചീഫ് എഞ്ചിനീയർ മുഖാന്തിരം).

3. ശ്രീമതി. അംബിക വി. കെ., ഒന്നാംതരം ഓവർസിയർ (ചീഫ് എഞ്ചിനീയർ മുഖാന്തിരം).

4. ശ്രീമതി. ശ്രീവിദ്യ വി., രണ്ടാംതരം ഓവർസിയർ (ചീഫ് എഞ്ചിനീയർ മുഖാന്തിരം).
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. സെക്രട്ടറി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ.
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള.
8. തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

9. വിജിലൻസ് (ഇ) വകുപ്പ് (Vig -E3/425/2019-Vig).

10. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
11. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
12. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SREEKANTH G
Date: 2020.03.18 11:11:48 IST
Reason: Approved

സെക്ഷൻ ഓഫീസർ